"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് - കേരള സ്റ്റാർട്ടപ്പ് മിഷന്റെ 'യൂത്ത് എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രം' പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി **38.26** കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (ഐ.ടി-സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.250/2024/ITD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:-

1. 09/07/2024 തീയതിയിലെ സ.ഉ(സാധാ) നം.147/2024/വിസാവ നമ്പർ ഉത്തരവ് .
2. 11/07/2024 തീയതിയിലെ സ.ഉ(സാധാ) നം.148/2024/വിസാവ നമ്പർ ഉത്തരവ്.
3. 31/08/2024 തീയതിയിലെ സ.ഉ (അച്ചടി) നം.76/2024/ധന നമ്പർ ഉത്തരവ്.
4. പ്ലാൻ പ്രയോറൈറ്റൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി 15.11.2024-ന് നടന്ന ചീഫ് സെക്രട്ടറിതല സമിതി യോഗത്തിന്റെ മിനിറ്റ്സ്.
5. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയ 05/12/2024 തീയതിയിലെ K-SUM/250/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയായ 'യൂത്ത് എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രം' നടപ്പിലാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി "2852-07-202-72" എന്ന ശീർഷകത്തിൽ അനുവദിച്ച 70.52 കോടി രൂപയ്ക്ക് പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം 3 പ്രകാരം 15/11/2024 ന ചേർന്ന ചീഫ് സെക്രട്ടറിതല കമ്മിറ്റി 2024-25 സാമ്പത്തിക വർഷത്തിൽ ഐ.ടി വകുപ്പിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ ബഡ്ജറ്റ് വിഹിതത്തിന്റെ 50 ശതമാനമായി പരിമിതപ്പെടുത്തി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

3. ഇതിന്റെയടിസ്ഥാനത്തിൽ ചുവടെ ലഭ്യമാക്കിയിട്ടുള്ള പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയ വിശദമായ പ്രപ്പോസൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി പരാമർശം 5 ലെ കത്ത് പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്.

| പദ്ധതി | ഘടകങ്ങൾ | തുക ലക്ഷത്തിൽ |
|---|---|---|
| | സ്റ്റാർട്ടപ്പ് പൈപ്പ് ലൈൻ ഡെവലപ്മെന്റ് | 524.77 |
| | | |

| | | |
|---|---|---|
| യൂത്ത് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (YEDP) | ഏർളി സ്റ്റേജ് ഫണ്ടിംഗ് | 693.32 |
| | കോ വർക്കിംഗ് സ്പേസസ് | 992.50 |
| | ഫാബ് ലാബുകൾ | 146.37 |
| | ഇൻകുബേഷൻ | 64.36 |
| | കോർപ്പറേറ്റ് ആക്സിലറേഷൻ ആൻഡ് സ്കെയിലപ്പ് സപ്പോർട്ട് | 287.83 |
| | ഗവൺമെന്റ് ആക്സിലറേഷൻ | 2.54 |
| | ഇൻവെസ്റ്റ്മെന്റ് പോർട്ട്ഫോളിയോ | 1114.31 |
| | ആകെ | **3826.00** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1,2 -ൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകളിലെ പൊതുവായ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ യൂത്ത് എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രം പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി ബജറ്റ് വിഹിതമായി "2852-07-202-72" എന്ന ശീർഷകത്തിൽ **38.26 കോടി രൂപയുടെ** പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക പദ്ധതി ഘടകങ്ങൾ നോക്കാതെ ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്.

5. പരാമർശം 1, 2 എന്നീ ഉത്തരവുകൾ ഇപ്രകാരം ഭേദഗതിചെയ്യുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ടെക്നോപാർക്ക്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ട്രഷറി ഓഫീസർ, സബ് ട്രഷറി, കഴക്കൂട്ടം, തിരുവനന്തപുരം.
ട്രഷറി ഓഫീസർ, സബ് ട്രഷറി, സെക്രട്ടേറിയറ്റ്
ധനകാര്യ വകുപ്പ്
ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (സി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വെബ് ആൻഡ് ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rajesh G S
Date: 28-12-2024 10:51:35
**സെക്ഷൻ ഓഫീസർ**